# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം : 6179 — 31-10-2011-ൽ മറുപടിക്ക്

## എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>„ വി.ഡി.സതീശൻ<br>„ വർക്കല കഹാർ<br>„ കെ.അച്ചുതൻ | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പു മന്ത്രി) |
| (എ) എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (എ) ഉണ്ട്. |
| (ബി) ഈ ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളും പ്രവർത്തനരീതിയും എങ്ങനെയാണ് ; | (ബി) ഊർജ്ജ സംരക്ഷണ കാര്യങ്ങൾ പ്രാവർത്തികമാക്കുന്നതിനുവേണ്ടിയുള്ള മനുഷ്യവിഭവശേഷി രൂപികരണവും ഗവേഷണ വികസന പ്രവർത്തനങ്ങളും ഈ രംഗത്തുള്ളവർക്ക് മെച്ചപ്പെട്ട പരിശീലനം നൽകുന്നതിനും ഈ മേഖലയിൽ കൂടുതൽ കൂടുതൽ പ്രൊഫഷണലുകളെ വാർത്തെടുക്കുന്നതിനും എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ലക്ഷ്യമിടുന്നു. എനർജി മാനേജ്മെന്റ് സെന്ററിനു കീഴിൽ ലക്ഷ്യമിട്ട ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. |
| (സി) ഇത് എവിടെയാണ് സ്ഥാപിക്കാനുദ്ദേശിക്കുന്നത് ; | (സി) തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ചാവടിമുക്കിൽ എനർജി മാനേജ്മെന്റ് സെന്ററിനു കീഴിലാണ് എനർജി മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (ഡി) ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർമ്മാണ പ്രവർത്തനം തുടങ്ങിയിട്ടുണ്ടോ ? | (ഡി) ഇൻസ്റ്റിറ്റ്യൂട്ടിനും എനർജി മാനേജ്മെന്റ് സെന്ററിനും കെട്ടിടം പണിയുന്നതിനായി തിരുവനന്തപുരം ജില്ലയിലെ ശ്രീകാര്യം ചാവടിമുക്കിൽ 5 ഏക്കർ സ്ഥലം സർക്കാർ അനുവദിച്ചു നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ ആദ്യ ഘട്ടം പണി തുടങ്ങുന്നതിന് 2.7 കോടി രൂപയുടെ ഭരണാനുമതി സർക്കാർ |

നൽകിയിട്ടുണ്ട്. കെട്ടിടത്തിന്റെ രൂപ രേഖ തയ്യാറാക്കിക്കഴിഞ്ഞു. ഇൻഡ്യ യിൽ തന്നെ ഏറ്റവും കൂടുതൽ ഗ്രീൻ ബിൽഡിംഗ് നിർമ്മിച്ചിട്ടുള്ള സി ആർ എൻ ആർക്കിടെക്സ് ആണ് രൂപരേഖ തയ്യാറാക്കിയിട്ടുള്ളത്. 18 മാസം കൊണ്ട് പണി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ